(1)	(2)	(3)
5	കൊല്ലം	പത്തനാപുരം, അഞ്ചൽ
6	കോട്ടയം	പള്ളം, ഏറ്റുമാനൂർ
7	കോഴിക്കോട്	പന്തലായനി, മേലടി, ബാലുശ്ശേരി
8	മലപ്പുറം	പൊന്നാനി, തിരൂർ, പെരുമ്പടപ്പ്
9	പത്തനംതിട്ട	പുളിക്കീഴ്, മല്ലപ്പള്ളി
10	പാലക്കാട്	ഒറ്റപ്പാലം
11	തൃശ്ശൂർ	ചൊവ്വന്നൂർ, ചാവക്കാട്
12	വയനാട്	കൽപ്പറ്റ

(ബി) പുനലൂരിൽ പത്തനാപുരം, അഞ്ചൽ എന്നീ പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി താഴെ പറയുന്ന പ്രകാരം പോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

വൈദ്യുതീകരണം	346.94 ലക്ഷം രൂപ
കുടിവെള്ള വിതരണം	571.30 ലക്ഷം രൂപ
റോഡ്	78.30 ലക്ഷം രൂപ
ഐ. സി. റ്റി (ICT) സർവ്വീസ്	100.00 ലക്ഷം രൂപ
വിദ്യാഭ്യാസ സൗകര്യം	238.20 ലക്ഷം രൂപ
ആരോഗ്യം	259.72 ലക്ഷം രൂപ
മാർക്കറ്റ് സൗകര്യം	82.69 ലക്ഷം രൂപ
ആകെ	1677.15 ലക്ഷം രൂപ

(ഡി—എഫ്) പുര പദ്ധതിയുടെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ടുകളൊന്നും തന്നെ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം ഉള്ള അരി വിതരണം

122 [684] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഡി.ആർ.ഡി.എ. 4 വർഷം മുമ്പ് നൽകിയ അരി ഇന്നും വിതരണം ചെയ്യാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ മൊത്തവിതരണക്കാരുടെ ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കുന്നു എന്നു പറയുന്ന അരി എത്ര രൂപ വില വരുന്നതാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ കാര്യത്തിൽ കുറ്റകരമായ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 8.25 ലക്ഷം രൂപ വില വരുന്നതാണ്.

(സി) ഈ കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കും.

സ്വയംതൊഴിൽ പദ്ധതിക്കുവേണ്ടി കേന്ദ്രം അനുവദിച്ച തുക

123 [686] ശ്രീ. കെ. സി. ജോസഫ്:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിൽ പദ്ധതിക്കുവേണ്ടി ഈ വർഷം സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റ് എന്ത് തുക അനുവദിച്ചിട്ടുണ്ട്;

(ബി) നിലവിൽ ഈ പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് എത്ര പേർക്ക് ലഭിക്കുന്നുണ്ട്;

(സി) സ്വയംതൊഴിൽ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് പ്രതിവർഷം എന്ത് തുകയ്ക്കുള്ള ഉൽപ്പാദനം നടക്കുന്നതായി കണക്കാക്കപ്പെടുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് മുഖേന കേന്ദ്രാവിഷ്കൃത സ്വയംതൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഈ വർഷത്തെ കേന്ദ്രവിഹിതം 1797.82 ലക്ഷം രൂപയാണ്. ഈ തുക പൂർണ്ണമായും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി ആരംഭിച്ച 1999-2000 സാമ്പത്തിക വർഷം മുതൽ ഇതുവരെ 170,537 പേർക്ക് സ്വയംതൊഴിൽ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(സി) കണക്കാക്കിയിട്ടില്ല.

ബി.പി.എൽ., എ.പി.എൽ. നിർണ്ണയത്തിലെ അപാകതകൾ

124 [687] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ., എ.പി.എൽ. നിർണ്ണയത്തിൽ വ്യാപകമായ നിലയിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപാകതകൾ പരിഹരിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ബി.പി.എൽ., എ.പി.എൽ. ഇവ നിർണ്ണയിക്കുവാൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly